PROCEEDINGS OF

THE KERALA LEGISLATIVE ASSEMBLY

First Session—1959

Thursday, the 21st May 1959.

KERALA LEGISLATIVE ASSEMBLY LIBRARY
Thiruvananthapuram

Vol. VII] OFFICIAL REPORT [No. 56

The Assembly met in the Assembly Chamber, Trivandrum at Eight of the Clock on Thursday, the 21st May 1959, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ടൗൺസ്റ്റോർട്ട് ബസ്സിലെ മിനിമം ചാർജ്ജ്.

*1446. [2] ശ്രീ. എൻ. ശിവൻപിള്ള: തൊഴിൽ കാണുന്ന ചോദ്യങ്ങൾക്ക് ടൗൺസ്റ്റോർട്ടുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റ് ടൗൺസ്റ്റോർട്ടിൽ യാത്രയ്ക്കുള്ള മിനിമം ചാർജ്ജ് എന്താണ്;

(ബി) സംസ്ഥാനത്ത് വൃത്തിയുള്ള നിലയിൽ മിനിമം ചാർജ്ജ് നടപ്പിലുണ്ടോ;

(സി) മിനിമം ചാർജ്ജ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) സിറ്റിസർവ്വീസ് 6 നയാപൈസ.
ഷട്ടിൽസർവ്വീസ് 15 ,,
മെയിൻലൈൻസർവ്വീസ് 20 ,,
എക്സ്പ്രസ്സ് സർവ്വീസ് 30 ,,

(ബി) ഇല്ല.

(സി) ടൗൺസർവ്വീസ് 6 നയാപൈസായും, മറ്റു സർവ്വീസുകളിൽ ഒരു മൈലിന് ഇരുപതാക്കുന്ന തോതിലും നാണിരട്ടിയും.

2/679/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശിവൻപിള്ള: ഷട്ടിൽസർവ്വീസ് ബസ്സുകൾക്ക് പത്തു നയാ പൈസാ എന്ന നിരക്കിൽ ഈടാക്കുന്ന സ്ഥലങ്ങൾ ഉണ്ടോ?

ശ്രീ. ടി. വി. തോമസ്: പരീക്ഷണം എന്ന നിലയിൽ ഇപ്പോൾ ആലപ്പുഴ ലൈനിൽ പത്തു നയാപൈസ എന്ന നിരക്കിൽ വസൂലാക്കുന്നുണ്ട്.

ശ്രീ. എൻ. ശിവൻപിള്ള: പരീക്ഷണാർത്ഥം മറ്റു പ്രദേശങ്ങളിൽകൂടി ഈ പത്തു നയാപൈസ എന്ന നിരക്ക് ഏർപ്പെടുത്താൻ ആലോചനയുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഒരു പ്രദേശത്തു പരീക്ഷണാർത്ഥം നടപ്പിലാക്കിയിരിക്കുകയാണ്. അതു കഴിഞ്ഞു മറ്റു സ്ഥലങ്ങളിലേക്കുംകൂടി വിപുലപ്പെടുത്താമെന്നാണ് വിചാരിക്കുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇപ്പോൾ ചില സ്ഥലങ്ങളിൽ പതിനഞ്ചു നയാപൈസ എന്ന നിരക്കിൽ ഈടാക്കിക്കൊണ്ടിരിക്കുന്നതായറിയാമോ?

ശ്രീ. ടി. വി. തോമസ്: കുറെ സ്ഥലങ്ങളിൽ ഫെയർ സ്റ്റേജുകൾ നിശ്ചയിച്ചതിൽ വന്നിട്ടുള്ള തകരാറുകൊണ്ടു് ഇപ്രകാരം ഈടാക്കാനിടയായിട്ടുണ്ട്. അതുകൊണ്ടാണ് ഒരു പരീക്ഷണം എന്ന നിലയിൽ പത്തു നയാപൈസ എന്ന നിരക്ക് ഇപ്പോൾ ആലപ്പുഴയിൽ നടപ്പാക്കിയതു്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ചില സ്ഥലങ്ങളിൽ സാധാരണ ബസ്സുകളുടെ ചാർജ്ജ് എക്സ്പ്രസ്സ് ചാർജ്ജിനെക്കാൾ കൂടുതലാണെന്നു് ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ചില സ്ഥലങ്ങളിൽ അങ്ങനെ കാണുന്നതു് റാക്ഷണലൈസ് ചെയ്യുമ്പോൾ ഗവണ്മെന്റിനു് നഷ്ടം വരാത്ത രീതിയിൽ കുറയ്ക്കുന്നതിനായി ഇപ്പോൾ പരീക്ഷണം എന്നുള്ള നിലയിൽ പത്തു നയാപൈസായാക്കിയിട്ടുണ്ട്. അതു പരിശോധിച്ചു നോക്കിയതിനുശേഷം കുറയ്ക്കേണ്ട സ്ഥലങ്ങളിൽ അതിനു് വേണ്ട നടപടിയെടുക്കുന്നതാണ്.

ശ്രീ. എൻ. കണപതി: *മലപ്പുറം പ്രദേശത്തിൽ എക്സ്പ്രസ് ബസ്സുകൾക്കു 25% കൂടുതൽ ചാർജ് ഇരുപ്പതൈക് കുറൈത്തു പാസഞ്ചർകൾ കൂടുതൽ പ്രയാണം ചെയ്തു ആതായം ഏർപ്പാട വഴി ചെയ്യലാമാ?*

ശ്രീ. ടി. വി. തോമസ്: എക്സ്പ്രസ്സ് സർവ്വീസ് ചാർജ്ജ് സാധാരണ സർവ്വീസിനെക്കാൾ കൂടുതലാണ്. അതു മലംപ്രദേശങ്ങളിലും പ്ലെയിൻ പ്രദേശങ്ങളിലെ സർവ്വീസിനുമുണ്ട്.

ശ്രീ. സി. എ. മാത്യു: ആ സർവ്വീസിൽ ചാർജ്ജ് ഫിക്സ് ചെയ്തിട്ടുള്ളതിൽ ചില അനോമലീസ് ഉള്ളതു് ഗവണ്മെന്റ് മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഫെയർ സ്റ്റേജ് ഫിക്സ് ചെയ്ത കാര്യത്തിൽ ചില അനോമലീസ് ഉണ്ട്. അതില്ലാതെയാക്കുന്നതിനു് ഒരു പരീക്ഷണം എന്നുള്ള നിലയിൽ ഗവണ്മെന്റിനു് ലാഭകരമായി സർവ്വീസ് നടത്തുന്നതിനും, ആ അനോമലി തീർക്കുന്നതിനും ഇപ്പോൾ ആലപ്പുഴ ഡിസ്ട്രിക്ടിൽ പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ പരീക്ഷണത്തിന്റെ തീരുമാനം അടുത്തുതന്നെ അറിയാം. അതു കഴിഞ്ഞിട്ടേ മാറ്റാൻ പാടുള്ളൂ.

റിക്ഷാ

*1447. [3] *ശ്രീ. എൻ. കണപതി: കീഴ്ക്കാണും വിണ്ണക്കത്തുക്കു തൊഴിലാളർ ഇലാകാ മന്ത്രിരി അവർകൾ വിടൈ പകർവാർകളാക:*

(എ) *റിക്ഷാമുറൈ ഒഴിക്കപ്പട നടവടിക്കൈ എടുക്കപ്പടുമാ;*

(ബി) *റിക്ഷാ ഇഴുപ്പതൈ ചട്ടവിരോതമ് ആക്കപ്പടുമാ?*

LIBRARY ARCHIVES Kerala Legislative Assembly